ജലസേചന പദ്ധതികൾക്ക് കേന്ദ്ര സഹായം

19 (168) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുക സംസ്ഥാനത്തെ വിവിധ ജലസേചന പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എന്ത് തുക ചെലവഴിച്ചു ; ഏതെല്ലാം പദ്ധതികൾക്കാണെന്ന് അറിയിക്കാമോ ;

(സി) അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

ജപ്പാനിലെ ഓവർസീസ് ഇക്കണോമിക് കോ-ഓപ്പറേറ്റീവ് ഫണ്ടിൽ നിന്നുള്ള വായ്പ

20 (170) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാനിലെ ഓവർസീസ് ഇക്കണോമിക് കോ-ഓപ്പറേറ്റീവ് ഫണ്ടിൽ നിന്നും വായ്പയെടുത്ത് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ ഫണ്ടിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കണമെന്ന് ഒ.ഇ.സി.എഫ്. നിഷ്ക്കർഷിക്കുന്നുണ്ടോ ;

(സി) എങ്കിൽ കൺസൾട്ടന്റിന്റെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ എത്ര പേർ വരെയാകാമെന്നാണ് നിഷ്ക്കർഷിച്ചിരുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി വാട്ടർ അതോറിറ്റി ആഗോള ടെണ്ടർ ക്ഷണിച്ചിരുന്നോ ;

(ഇ) എങ്കിൽ ഇതനുസരിച്ച് ലഭിച്ച ദർഘാസുകൾ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർ പരിശോധിച്ചുണ്ടാക്കിയ ലിസ്റ്റിൽപ്പെടുത്തിയവർ റാങ്കിംഗ് ക്രമത്തിൽ ആരെല്ലാമായിരുന്നു ;

(എഫ്) ഇപ്പോൾ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളത് ആരെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly